(Pages : 3) **B – 3136**

Reg. No. : ....................................

Name : ....................................

# First Semester B.A. Degree Examination, December 2016
## (Career Related First Degree Programme Under CBCSS)
## JOURNALISM AND MASS COMMUNICATION AND VIDEO PRODUCTION
## Group 2(a) : Complementary Course – I
## ML 1131 : Sargathmaka Rachana : Thathwavum Aavishkaravum
## (2013 Admn. Onwards)

Time : 3 Hours Max. Marks : 80

I. **ഒറ്റ** വാക്കിലോ **രണ്ടു** വാക്യത്തിലോ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. **1** മാർക്ക് വീതം.

1) കാവ്യഭാവന ജന്മസിദ്ധമാണെന്ന അഭിപ്രായം ശരിയോ ?

2) 'സംഘർഷം' എന്നതുകൊണ്ട് നാടകത്തിൽ ഉദ്ദേശിക്കുന്നതെന്ത് ?

3) പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന വികാരമാണ് കവിത എന്നു പറഞ്ഞത് ആര് ?

4) ഏകാകികളുടെ സംഗീതമാണ് ചെറുകഥ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?

5) ചരിത്രനോവൽ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

6) പ്ലോട്ട് (ഇതിവൃത്തം) എന്നാൽ എന്ത് ?

7) ഉപന്യാസവും സാഹിത്യവിമർശനവും വ്യത്യസ്തപ്പെടുന്നതെങ്ങനെ ?

8) ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള വ്യത്യാസമെന്ത് ?

9) പഴഞ്ചൊൽ ഒരർത്ഥത്തിൽ കവിത തന്നെ – ശരിയോ ?

10) കെട്ടുറപ്പുള്ള കഥ സംഭാഷണരൂപമാക്കിയാൽ നാടകമാവില്ല എന്നു പറയുന്നതിനർത്ഥമെന്ത് ? **(10×1=10 മാർക്ക്)**

P.T.O.

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **8** ചോദ്യത്തിന് ഉത്തരമെഴുതുക. **2** മാർക്ക് വീതം.

11) ആഖ്യാനരൂപം കൈവരിക്കാത്ത വാമൊഴിവഴക്കമാണ് പഴഞ്ചൊല്ല് – വിശദമാക്കുക.

12) വികാരത്തിന്റെ അനുസ്യൂത പ്രവാഹമാണ് കവിത – വിശദമാക്കുക.

13) നോവലും ചരിത്രവും വ്യത്യസ്തമാകുന്നതെങ്ങനെ ?

14) സാഹിത്യനിരൂപണം എന്നാൽ എന്ത് ? വ്യക്തമാക്കുക.

15) ഉപന്യാസം എന്തെന്നു വ്യക്തമാക്കുക.

16) ബുദ്ധിശക്തിയും ഭാവനാശക്തിയും വ്യത്യസ്തമാണെന്നു പറയുന്നതെന്തുകൊണ്ട് ?

17) സംസ്കൃതത്തിലെ ജീവചരിത്ര കാവ്യങ്ങളിൽ നിന്നും ആധുനിക ജീവചരിത്രങ്ങൾ വ്യത്യസ്തമാകുന്നതെങ്ങനെ ?

18) കവിത വികാരത്തിന്റെ അനർഗ്ഗള പ്രവാഹമാണെന്നു പറഞ്ഞതാര് ? എന്തുകൊണ്ട് ?

19) ഒരു തറ, ഒരു മറ, മുൻപിൽ നിങ്ങളും – നാടകത്തിനെ സംബന്ധിച്ചുള്ള ഈ നിർവ്വചനം അർത്ഥമാക്കുന്നതെന്ത് ?

20) 'പഴഞ്ചൊല്ലും കടംകഥയും ഭിന്നമാകുന്നതെങ്ങനെ ?

21) വൈജ്ഞാനിക സാഹിത്യം ഘടനാപരമായി മറ്റു സാഹിത്യരൂപങ്ങളിൽ നിന്നു എങ്ങനെ വ്യത്യസ്തമാകുന്നു ?

22) പഴഞ്ചൊല്ലിൽ പതിരില്ല – ആശയം വ്യക്തമാക്കുക. **(8×2=16 മാർക്ക്)**

III. ഏതെങ്കിലും **6** ചോദ്യത്തിന് **120 വാക്കിൽ** കവിയാതെ ഉത്തരമെഴുതുക. **4** മാർക്ക് വീതം.

23) വ്യക്തി ആവിഷ്ക്കരിക്കുന്ന സാമൂഹ്യമായ അനുഭവമാണ് പഴഞ്ചൊൽ – ചർച്ച ചെയ്യുക.

24) വടക്കൻ പാട്ടുകൾ എന്നാൽ എന്ത് ? വിശദമാക്കുക.

25) നോവലും ചെറുകഥയും വ്യത്യസ്തമാകുന്നതെങ്ങനെ ?

26) ആത്മകഥ എന്നാൽ എന്ത് ? ആത്മകഥയ്ക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം ?

27) മലയാളത്തിലെ ഏതെങ്കിലും ഒരു ജീവചരിത്രത്തെ പരിചയപ്പെടുത്തുക.

28) വൈജ്ഞാനിക സാഹിത്യത്തിനു ആഖ്യാനതലത്തിൽ ഉള്ള രീതി ഭേദങ്ങൾ എന്തെല്ലാം ? ഈ വ്യത്യസ്തതകൾക്ക് അടിസ്ഥാനമായതെന്ത് ?

29) പ്രാദേശികമായ ഭാഷയും ബിംബങ്ങളും സാഹിത്യത്തെ സ്വാധീനിക്കുന്നതെങ്ങനെ ? ഉദാഹരണസഹിതം വ്യക്തമാക്കുക.

30) സഞ്ചാരസാഹിത്യം സർഗ്ഗാത്മകമോ ? എന്തുകൊണ്ട് ? ചർച്ച ചെയ്യുക.

31) ആത്മനിഷ്ഠത, വസ്തുനിഷ്ഠത എന്നിവ എന്തെന്ന് നിർണ്ണയിച്ച് സാഹിത്യത്തിൽ ഇവ പ്രകടമാകുന്നതെങ്ങനെയെന്നു കണ്ടെത്തുക. **(6×4=24 മാർക്ക്)**

IV. ഏതെങ്കിലും **രണ്ടു** ചോദ്യത്തിനു ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക. **15** മാർക്ക് വീതം.

32) പത്രവാർത്തയോ സംഭവമോ സാഹിത്യത്തിനു വിഷയമായിത്തീരുന്നതെങ്ങനെ ? ഉദാഹരണ സഹിതം വ്യക്തമാക്കുക.

33) ഒരു കഥയെ സംഭാഷണ രൂപമാക്കി എഴുതിയാൽ നാടകമാവില്ല എന്നുപറയുന്നതെന്തുകൊണ്ട് ?

34) നോവൽ, ചെറുകഥ എന്നിവ എന്തെന്നു വ്യക്തമാക്കി അവയ്ക്കു തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കുക.

35) സാമൂഹ്യമായ അനുഭവസമ്പത്ത് വ്യക്തിയിലൂടെ ഉച്ചരിക്കപ്പെടുന്നതാണ് പഴഞ്ചൊൽ – വിശദമാക്കുക. **(2×15=30 മാർക്ക്)**

---